## സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജനമിഷൻ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം.

(ഹാജർ: കെ.ബി. വത്സലകുമാരി)

വിഷയം: കുടുംബശ്രീ - സൂക്ഷ്മ സംരംഭങ്ങളുടെ കണക്ക് -ഓഡിറ്റിംഗ് ഫീസ് ഘടന പുനർ നിർണ്ണയത്തിനും ഓഡിറ്റിംഗ് കാര്യക്ഷമമക്കുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:
1) സ.ഉ.(പി) നം. 222/08/തസ്വഭവ തീയതി 2008 ആഗസ്റ്റ് 8
2) ഈ ഓഫീസിലെ കെഎസ്/ഡി/909/2011 തീയതി 05/3/2011-ലെ ഡയറക്ടറുടെ ഉത്തരവ്
3) ഈ ഓഫീസിലെ കെഎസ്/സി/4772/2008 തീയതി 19/05/2011-ലെ ഡയറക്ടറുടെ ഉത്തരവ്

**<u>ഉത്തരവ് നമ്പർ കെ.എസ്/ഡി/5326/2013 തീയതി 11/09/2013</u>**

നിലവിൽ കുടുംബശ്രീയിൽ 30,000 ത്തോളം മൈക്രോ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിലൂടെ നടക്കുന്ന വളരെ ഗൗരവമേറിയ സാമ്പത്തിക പ്രവർത്തനങ്ങൾ/ഇടപാടുകൾ സുതാര്യമായും കാര്യക്ഷമമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് സംഘടനാ സംവിധാനത്തിന്റെ സുസ്ഥിരതയ്ക്ക് അത്യാവശ്യമാണ്. കുടുംബശ്രീ സംഘടന സംവിധാനം-പുതുക്കിയ പരാമർശ ഉത്തരവ് സിഡിഎസ് ബൈലോ അനുച്ഛേദം 14.1 മുതൽ 14.7 വരെ പ്രകാരം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ ഓഡിറ്റിംഗിനു വിധേയമാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്

മേലുത്തരവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ഓഡിറ്റിംഗ്, കുടുംബശ്രീയുടെ തന്നെ അംഗീകൃത ഓഡിറ്റിംഗ് സംവിധാനമായ കാസ് (കുടുംബശ്രീ അക്കൗണ്ടിംഗ് & ഓഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി) എന്ന സംരംഭ ഗ്രൂപ്പാണ് നടത്തിവരുന്നത്.

കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന മൈക്രോ സംരംഭങ്ങൾ എല്ലാ സാമ്പത്തിക വർഷവും ഓഡിറ്റിംഗിനു വിധേയമാക്കേണ്ടതും ആയതിലേയ്ക്കുള്ള ഓഡിറ്റ് ഫീസ് അതാത് മൈക്രോ സംരംഭകർ നൽകേണ്ടതുമാണ്.

സംസ്ഥാനത്തെ മുഴുവൻ മൈക്രോ സംരംഭങ്ങളുടെയും കാസ് ഓഡിറ്റിംഗ് ഫീസ് 2011 ജൂൺ മാസംമുതൽ ഏകീകരിച്ചിരുന്നു. അനുബന്ധമായി കൊടുത്തിരിക്കുന്ന സംരംഭക ഓഡിറ്റിംഗിനുള്ള ഏകീകൃത ഫോർമാറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമാണ് സംരംഭങ്ങളുടെ ഓഡിറ്റിംഗ് നിർവഹിക്കേണ്ടത്. ഓഡിറ്റിംഗിനു മുന്നോടിയായി കണക്ക് ചിട്ടപ്പെടുത്തൽ ആവശ്യമെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവ് പ്രകാരം വേണ്ട പ്രവർത്തനങ്ങൾ നടത്തിയശേഷമായിരിക്കണം ഓഡിറ്റിംഗിന് വിധേയമാക്കേണ്ടത്. ഈ ഉത്തരവ് നിലവിൽ വരുന്നതോടെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നിൽക്കുന്നതല്ല.

സംരംഭത്തിന്റെ ആകെ വാർഷിക വിറ്റു വരവിനെ അടിസ്ഥാനമാക്കി മൈക്രോ സംരംഭക ഓഡിറ്റിംഗിന്റെ ഫീസ് നിജപ്പെടുത്തിയിരിക്കുന്നു. ഇതു

പ്രകാരം കുറഞ്ഞത് 500 രൂപയും പരമാവധി 2000 രൂപയും സംരംഭക ഓഡിറ്റിംഗിനുള്ള ഫീസിനത്തിൽ നൽകാവുന്നതാണ് :

| വാർഷിക വിറ്റു വരവ് | ഓഡിറ്റിംഗ് ഫീസ് |
|---|---|
| 1 ലക്ഷം വരെ | 500 |
| 1-5 ലക്ഷം വരെ | 750 |
| 5-10 ലക്ഷം വരെ | 1500 |
| 10 ലക്ഷത്തിനു മുകളിൽ | 2000 |

**ഓഡിറ്റിംഗ് റിപ്പോർട്ട്**

അനുബന്ധം പ്രകാരമുള്ള ഏകീകരിച്ച ഫോർമാറ്റിൽ ആയിരിക്കണം ഓഡിറ്റിംഗ് റിപ്പോർട്ട് നൽകേണ്ടത്. റിപ്പോർട്ട് വസ്തുതാപരവും കൃത്യത ഉള്ളതുമായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള അവ്യക്തകളോ പാകപ്പിഴകളോ അനാസ്ഥയോകൊണ്ട് സംഘടനാ സംവിധാനത്തിന് സാമ്പത്തിക നഷ്ടമോ മറ്റോ സംഭവിച്ചാൽ മേൽ പ്രശ്നങ്ങൾക്ക് ഓഡിറ്റർ ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

**ഓഡിറ്റിംഗ് രീതി**

ഓഡിറ്റിംഗിന്റെ സമയക്രമം, ഫീസ് എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതും ആയതിനു കാസ് സംരംഭ ഗ്രൂപ്പുകൾ ബന്ധപ്പെട്ട സിഡിഎസ്സുകളുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ പ്രകാരം ഓഡിറ്റിംഗ് നിർവ്വഹിക്കേണ്ടതുമാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ.

1. ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ കാസ് ഗ്രൂപ്പുകൾക്കും (ജില്ലാ മിഷൻ മുഖേന)
3. എല്ലാ സംരംഭ ഗ്രൂപ്പുകൾ ലീഡർമാർക്കും (ജില്ലാ മിഷൻ മുഖേന)
4. എല്ലാ സിഡിഎസ് പ്രസിഡന്റുമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/ അധികം

അംഗീകാരത്തോടെ,

Valsala

അക്കൗണ്ട്സ് ഓഫീസർ.